# അഗ്രി ബിസിനസ്സ് ഇൻക്യുബേറ്റർ
**കേരള കാർഷിക സർവ്വകലാശാല**
**വെള്ളാനിക്കര, തൃശ്ശൂർ - 680656**

सत्यमेव जयते
Government of India

## കാർഷിക സംരംഭകത്വ വികസന പ്രോഗ്രാമുകളിലേക്കായി അപേക്ഷ ക്ഷണിക്കുന്നു

കേരള കാർഷിക സർവ്വകലാശാലയിലെ അഗ്രിബിസിനസ്സ് ഇൻക്യബേറ്ററിൽ നടത്തുന്ന അഗ്രിപ്രണർഷിപ്പ് ഓറിയന്റേഷൻ പ്രോഗ്രാം (കെ.എ.യു. റെയ്സ് 2024), സ്റ്റാർട്ട് അപ്പ് ഇൻക്യുബേഷൻ പ്രോഗ്രാം (കെ.എ.യു. പേസ് 2024) എന്നിയിലേക്കായി നൂതന ആശയങ്ങളുള്ള കാർഷിക മേഖലയിൽ സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവരുടേയും വിദ്യാർത്ഥികളുടേയും നവസംരംഭകരുടേയും അപേക്ഷ ക്ഷണിക്കുന്നു. കേന്ദ്ര സർക്കാരിന്റെ കാർഷിക കർഷകക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള ആർ. കെ. വി. വൈ റാഫ്ത്താർ പദ്ധതിയുടെ പിന്തുണയോടെയാണ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നത്.

അഗ്രിപ്രണർഷിപ്പ് ഓറിയന്റേഷൻ പ്രോഗ്രാമിലേക്കായി (കെ.എ.യു. റെയ്സ് 2024) തിരഞ്ഞെടുക്കപ്പെടുന്നവർക്ക് അവരുടെ വേറിട്ട ആശയങ്ങൾ പ്രോട്ടോടൈപ്പുകളായി വികസിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദഗ്ധ സഹായങ്ങളും, ഒരു മാസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടിയും, പരിശീലനം വിജയകരമായി പൂർത്തിയാക്കിയവരിൽ നിന്ന് തിരഞ്ഞെടുക്കുന്നവർക്ക് 5 ലക്ഷം രൂപ വരെ ഗ്രാന്റും ലഭ്യമാകുന്നതാണ്. നൂതന ആശയങ്ങളുള്ള വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ ആശയങ്ങൾ സംരംഭമായി വികസിപ്പിക്കുന്നതിനുമായി 4 ലക്ഷം രൂപ വരെയുള്ള ധനസഹായവും പദ്ധതിയിലൂടെ ലഭ്യമാക്കുന്നു.

സ്റ്റാർട്ട്അപ്പ് ഇൻക്യുബേഷൻ പ്രോഗ്രാമിലേക്ക് (കെ.എ.യു. പേസ് 2024) തിരഞ്ഞെടുക്കപ്പെടുന്നവർക്ക് നിലവിലുള്ള പ്രോട്ടോടൈപ്പുകളുടെ വാണിജ്യവത്കരണത്തിനായുള്ള വിദഗ്ധ മാർഗ്ഗ നിർദ്ദേശങ്ങളും സാങ്കേതിക സാമ്പത്തിക സഹായവും, 15 ദിവസത്തെ ഇൻക്യൂബേഷൻ വർക്ക്ഷോപ്പും അഗ്രിബിസിനസ്സ് ഇൻക്യൂബേഷൻ സൗകര്യം ഉപയോഗപ്പെടുത്തുവാനുള്ള അവസരവും ലഭിക്കുന്നു. വിവിധ ഘട്ടങ്ങളിലുള്ള സ്ക്രീനിങ്ങുകൾക്കു ശേഷം തിരഞ്ഞെടുക്കപ്പെടുന്ന സ്റ്റാർട്ട് അപ്പുകൾക്ക് പരമാവധി 25 ലക്ഷം രൂപ ഗ്രാന്റും പദ്ധതിയിലൂടെ ലഭ്യമാക്കുന്നു.

പൂരിപ്പിച്ച അപേക്ഷകൾ ഗൂഗിൾ ഫോം മുഖേനയോ, rabi@kau.in എന്ന ഇ-മെയിൽ വിലാസത്തിലോ അഗ്രിബിസിനസ്സ് ഇൻക്യബേറ്ററിലേക്ക് നേരിട്ട് പോസ്റ്റ് വഴിയോ സമർപ്പിക്കാവുന്നതാണ്. അപേക്ഷകൾ സ്വീകരിക്കുന്ന തീയതി **01.05.2024** രാവിലെ 10 മണി മുതൽ **30.05.2024** വൈകുന്നേരം 4 മണി വരെ.

കൂടുതൽ വിവരങ്ങൾക്ക് rabi.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

കെ.എ.യു. റെയ്സ് 2024 അപേക്ഷ ലിങ്ക്: https://forms.gle/xUt5Ljok4egPaMkB8
കെ.എ.യു. പേസ് 2024 അപേക്ഷ ലിങ്ക്: https://forms.gle/XjZWF3E327j3paaj6

ഫോൺ നമ്പർ. 0487-2438332/ 8330801782/8220718221
ഇ-മെയിൽ വിലാസം: **rabi@kau.in**

Sd/-

വിജ്ഞാന വ്യാപന വിഭാഗം മേധാവി